REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 24-12-2025 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **ഗ്രാമീണ മേഖലയിലെ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കാൻ കൊണ്ടുവന്ന വികസിത് ഭാരത് G-RAM-G പദ്ധതി വിഹിതം 95,000 കോടി രൂപയായി ഉയർത്തി.**
- **അമേരിക്കൻ കമ്മ്യൂണിക്കേഷൻ ഉപഗ്രഹം ബ്ലൂ ബേർഡ് ബ്ലോക്ക് - 2, ISRO വിജയകരമായി വിക്ഷേപിച്ചു.**
- **വിക്ഷേപണം പൂർത്തിയാക്കിയ ദൗത്യ സംഘത്തെ ഉപരാഷ്ട്രപതിയും പ്രധാനമന്ത്രിയും അഭിന ന്ദിച്ചു.**
- **തീവ്ര വോട്ടർ പട്ടികാ പരിഷ്ക്കരണത്തിന്റെ കരടു പട്ടികയിൽ പരാതികളും അവകാശവാദങ്ങളും ജനുവരി 22 വരെ സ്വീകരിക്കും.**
- **തിരുവനന്തപുരം മെഡിക്കൽ കോളജിൽ സംസ്ഥാനത്തെ ആദ്യ സ്കിൻബാങ്ക് പ്രവർത്തനം തുടങ്ങിയതായി മന്ത്രി വീണാ ജോർജ്ജ്.**

## വാർത്തകൾ വിശദമായി

ഗ്രാമീണ മേഖലയിലെ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കാൻ കേന്ദ്ര ഗവൺമെന്റ് ആവിഷ്കരിച്ച വികസിത് ഭാരത് G-RAM-G പദ്ധതിക്ക് കേന്ദ്രം നൽകുന്ന വിഹിതം 86,000 കോടി രൂപയിൽ നിന്ന് 95,000 കോടി രൂപയായി ഉയർത്തിയതായി കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ അറിയിച്ചു. ഗ്രാമീണ തൊഴിൽ സൃഷ്ടിക്ക് കേന്ദ്രം നൽകുന്ന മുന്തിയ പരിഗണനയ്ക്ക് നടപടി തെളിവാണെന്നും കേന്ദ്രമന്ത്രി പറഞ്ഞു. ഗ്രാമീണർക്ക് 125 തൊഴിൽദിനങ്ങൾ ലഭ്യമാക്കുന്ന പദ്ധതിയിൽ സംസ്ഥാനങ്ങൾ വെറും കാഴ്ചക്കാരല്ലെന്നും വികസനത്തിന്റെയും ശാക്തീകരണത്തിന്റെയും

പങ്കാളികൾ കൂടിയാണെന്ന് പദ്ധതി വ്യക്തമാക്കുന്നതായി ചൗഹാൻ അഭിപ്രായപ്പെട്ടു. UPA ഗവൺമെന്റിന്റെ കാലത്ത് രണ്ട് ലക്ഷത്തി 13,000 കോടി രൂപമാത്രമാണ് മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിക്ക് ഉപയോഗിച്ചത്. എന്നാൽ മോദി ഗവൺമെന്റ് എട്ട് ലക്ഷത്തി 53,000 കോടിയിൽ പരം രൂപ പദ്ധതിക്ക് ചെലവഴിച്ചു എന്നും മന്ത്രി പറഞ്ഞു.

ഗ്രാമീണ കുടുംബങ്ങൾക്ക് കൂടുതൽ തൊഴിൽ സുരക്ഷ ഉറപ്പാക്കാൻ പദ്ധതി സഹായിക്കുമെന്നും കേന്ദ്രമന്ത്രി പറഞ്ഞു.

✪✪✪

അമേരിക്കൻ കമ്മ്യൂണിക്കേഷൻ ഉപഗ്രഹം ബ്ലൂ ബേർഡ് ബ്ലോക്ക് - 2, ISRO വിജയകരമായി വിക്ഷേപിച്ചു. ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ സ്പെയ്സ് സെന്ററിൽ ഇന്ത്യയുടെ LVM3- M6 റോക്കറ്റ് ഉപയോഗിച്ച് രാവിലെ 8.55 നായിരുന്നു വിക്ഷേപണം. 15 മിനിറ്റിന് ശേഷം ലിയോ ഭ്രമണപഥത്തിൽ വിജയകരമായി ഉപഗ്രഹത്തെ റോക്കറ്റിൽ നിന്ന് വേർപ്പെടുത്തി. അമേരിക്കയുടെ AST സ്പെയ്സ് മൊബൈൽ എന്ന സ്ഥാപനത്തിന് വേണ്ടിയാണ് ഉപഗ്രഹം വിക്ഷേപിച്ചത്.

മൊബൈൽ ഫോണുകളിലേക്ക് പ്രത്യേക ഹാർഡ് വെയർ സഹായമില്ലാതെ നേരിട്ട് ബ്രോഡ്ബാന്റ് കണക്ടിവിറ്റി നൽകുന്ന ഉപഗ്രഹമായ ബ്ലൂ ബേർഡ് ബ്ലോക്ക് - 2, ISRO വിക്ഷേപിക്കുന്ന ഏറ്റവും ഭാരമേറിയ വാണിജ്യ ഉപഗ്രഹമാണ്.

✪✪✪

ബ്ലൂബേർഡ് ബ്ലോക്ക്-2 വിക്ഷേപണം വിജയകരമായി പൂർത്തിയാക്കിയ ISRO, LVM3-M6 ദൗത്യ ടീമിനെ ഉപരാഷ്ട്രപതി C.P രാധാകൃഷ്ണൻ അഭിനന്ദിച്ചു. ഇന്ത്യയുടെ ബഹിരാകാശ ചരിത്രത്തിലെ നിർണ്ണായകമായ ഒരു നാഴികക്കല്ലാണിതെന്ന് അദ്ദേഹം സമൂഹ മാധ്യമത്തിൽ കുറിച്ചു.

രാജ്യത്തിന്റെ ബഹിരാകാശ സാങ്കേതികവിദ്യയിലെ നേതൃത്വപാടവവും ഭാരമേറിയ ഉപഗ്രഹങ്ങൾ വഹിക്കാൻ ശേഷിയും ദൗത്യം അടിവരയിടുന്നുവെന്നും ഉപരാഷ്ട്രപതി വ്യക്തമാക്കി.

സ്വയംപര്യാപ്ത ഇന്ത്യയിലേക്ക് അഭിമാനകരമായ ചുവടുവെപ്പാണിതെന്നും, ബഹിരാകാശത്ത് ഇന്ത്യ കൂടുതൽ ഉയരങ്ങളിലേക്ക് കുതിക്കുകയാണെന്നും അദ്ദേഹം പറഞ്ഞു.

✪✪✪

US ഉപഗ്രഹം ബ്ലൂബേർഡ് വിക്ഷേപണം വിജയകരമാക്കിയ ISRO-യെ പ്രധാനമന്ത്രി നരേന്ദ്രമോദി അഭിനന്ദിച്ചു. ഇന്ത്യയുടെ ബഹിരാകാശ ചരിത്രത്തിലെ സുപ്രധാന നാഴികക്കല്ലാണ് ഭാരമേറിയ വാണിജ്യ ഉപഗ്രഹ വിക്ഷേപണമെന്ന് അദ്ദേഹം സാമൂഹ്യമാധ്യമത്തിൽ കുറിച്ചു.

സ്വയംപര്യാപ്ത രാജ്യമെന്ന ദിശയിലേക്ക് നീങ്ങുന്ന ഇന്ത്യയുടെ ശ്രമങ്ങൾക്ക് ആക്കം പകരുന്നതാണ് വിക്ഷേപണവിജയമെന്നും പ്രധാനമന്ത്രി പറഞ്ഞു. ഇന്ത്യൻ യുവതയുടെ ബഹിരാകാശ ദൗത്യങ്ങൾ കൂടുതൽ ഫലപ്രദവും നവീനവുമായി മാറുന്നതിലും നരേന്ദ്രമോദി സംതൃപ്തി അറിയിച്ചു.

✪✪✪

ഇന്നത്തെ വിക്ഷേപണം ISRO യുടെ ആത്മവിശ്വാസത്തെ കൂടുതൽ ഉയരങ്ങളിലെത്തി ച്ചതായി ISRO ചെയർമാൻ V നാരായണൻ അഭിപ്രായപ്പെട്ടു. 2017 മുതൽ ഇതുവരെ LVM-3 M6 റോക്കറ്റ് ഉപയോഗിച്ച എല്ലാ വിക്ഷേപണങ്ങളും നൂറ് ശതമാനം വിജയമാണെന്ന് അദ്ദേഹം പറഞ്ഞു. ഇതേ റോക്കറ്റാണ് ഗഗൻയാൻ പരിപാടിക്കും ഉപയോഗിക്കാൻ തീരുമാനിച്ചിരിക്കുന്നത്. ഇപ്പോഴത്തെ വിജയം ഗഗൻയാൻ കൂടുതൽ ആത്മവിശ്വാസത്തോടെ മുന്നോട്ട് കൊണ്ടുപോകാൻ പ്രചോദനമാകുന്നതായും നാരായണൻ പറഞ്ഞു. ചന്ദ്രയാൻ 4, 5 ദൗത്യങ്ങൾക്കും ഇതേ റോക്കറ്റാണ് ഉപയോഗപ്പെടുത്താൻ ഉദ്ദേശിക്കുന്നത്. ചന്ദ്രയാൻ - 3 ദൗത്യം വിജയത്തിലെത്തിയപ്പോൾ ഇന്ത്യയുമായി പങ്കാളിത്തത്തിന് ജപ്പാൻ സന്നദ്ധമായത് ഇതിന്റെ കാര്യക്ഷമതയ്ക്ക് തെളിവാണെന്നും ISRO ചെയർമാൻ പറഞ്ഞു.

✪✪✪

അമേരിക്കൻ കമ്മ്യൂണിക്കേഷൻ വാഹനമായ ബ്ലൂബേർഡ് ബ്ലോക്ക്-2 വിജയകരമായി ഭ്രമണ പഥത്തിൽ എത്തിച്ച ISRO ടീമിനെ കേന്ദ്ര വാണിജ്യ മന്ത്രി പീയൂഷ് ഗോയൽ അഭിനന്ദിച്ചു. ഗഗൻയാൻ അടക്കം വരാനിരിക്കുന്ന ദൗത്യങ്ങൾക്ക് ഇത് വലിയ ആത്മവിശ്വാസം നൽകുമെന്ന് മന്ത്രി സമൂഹ മാധ്യമത്തിൽ കുറിച്ചു.

✪✪✪

SIR എന്യൂമറേഷൻ ഫോമിലെ വിവരങ്ങൾ അപൂർണമായതിനാൽ ഹിയറിംഗിന് ഹാജരാകേണ്ടവർക്ക് BLO മാർ വീട്ടിലെത്തി നോട്ടീസ് നൽകുമെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. എന്യൂമറേഷൻ ഫോം പൂരിപ്പിച്ചതിലെ അപാകതകളും മറ്റും നോട്ടീസിൽ പരാമർശിക്കും. നോട്ടീസിന്റെ ഒരു പകർപ്പ് നൽകി, അസ്സൽ ഒപ്പിട്ടു വാങ്ങി BLO മാർ ആപ്പു വഴി ERO യ്ക്ക് അപ്‌ലോഡ്

ചെയ്യും. തുടർന്ന് നിശ്ചിത ദിവസം ERO യ്ക്ക് മുന്നിൽ വ്യക്തി ഹാജരാകുമ്പോൾ BLO യുടെ സാന്നിധ്യവുമുണ്ടാകും.

നടപടികൾ നിർവഹിക്കുന്നതിന് സംസ്ഥാനത്തെ BLO മാർക്ക് ഡ്യൂട്ടി ഓഫ്, ജനുവരി രണ്ടു വരെ നീട്ടി നൽകിയിട്ടുണ്ട്. ഹിയറിംഗ് നടപടികൾക്കായി ആയിരത്തോളം ഉദ്യോഗസ്ഥരെയാണ് നിയോഗിച്ചതെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ U കേൽക്കർ അറിയിച്ചു.

✪✪✪

കേരളത്തിൽ ഇന്നലെ പ്രസിദ്ധീകരിച്ച തീവ്ര വോട്ടർ പട്ടികാ പരിഷ്ക്കരണത്തിന്റെ കരടു പട്ടികയിൽ പരാതികളും അവകാശവാദങ്ങളും ജനുവരി 22 വരെ സ്വീകരിക്കും. ഇങ്ങനെ ലഭിക്കുന്ന അപേക്ഷകളിലെ നടപടികൾ ഉടൻ ആരംഭിക്കും. ആരെയൊക്കെ ഹിയറിങ്ങിനു വിളിക്കണമെന്ന് അതാത് ഇലക്ട്രറൽ രജിസ്ട്രേഷൻ ഓഫിസർമാരായിരിക്കും തീരുമാനിക്കുക. കരടു പട്ടികയിൽ പേരില്ലാത്തവർക്ക് ഫോം ആറ്, സത്യവാങ്മൂലം എന്നിവയുമായി ഓൺലൈനായോ ബിഎൽഒമാർ വഴിയോ അപേക്ഷ നൽകാം. ഇവരെ ഹിയറിങ്ങിനു വിളിക്കുകയാണെങ്കിൽ എന്തെല്ലാം രേഖകൾ ഹാജരാക്കണമെന്ന് നോട്ടീസിൽ വ്യക്തമാക്കിയിരിക്കും. കരടു വോട്ടർ പട്ടികയുടെ പേരിൽ തെറ്റുണ്ടെങ്കിൽ അതു തിരുത്താൻ അപേക്ഷകളും ഇപ്പോൾ നൽകാനാവും.

✪✪✪

SIR നടപടികളിലെ പിഴവ് ചൂണ്ടിക്കാട്ടി സംസ്ഥാന ഗവൺമെന്റ് നൽകിയ കത്തിന് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ മറുപടി നൽകി. എന്യൂമറേഷൻ ഫോം സമർപ്പിക്കാൻ രണ്ട് തവണ സമയം നീട്ടി നൽകിയെന്നും, ഇനി നീട്ടിനൽകാനാവില്ലെന്നുമാണ് കമ്മീഷന്റെ മറുപടി.

✪✪✪

നാളെ മുൻ പ്രധാനമന്ത്രി അടൽബിഹാരി വാജ്പേയ് യുടെ 101-ാം ജന്മവാർഷിക ദിനം. ലക്നൗവിൽ വാജ്പേയിയുടെയും, ശ്യാമപ്രസാദ് മുഖർജിയുടേയും, ദീൻദയാൽ ഉപാദ്ധ്യായയുടേയും 65 അടി ഉയരത്തിൽ നിർമ്മിച്ച വെങ്കല പ്രതിമകളോട്കൂടിയ രാഷ്ട്രപ്രേരണാ സ്ഥൽ പ്രധാനമന്ത്രി നരേന്ദ്രമോദി ഉദ്ഘാടനം ചെയ്യും. താമരയുടെ ആകൃതിയിൽ നിർമ്മിച്ച മ്യൂസിയം, സ്മാരകത്തിലെ പ്രധാന ശ്രദ്ധാ കേന്ദ്രമാണ്. 65 ഏക്കറോളം വിസ്തൃതമായ പ്രേരണാസ്ഥലിൽ 230 കോടിയിൽ പരം രൂപ ചെലവിലാണ് ദേശീയ സ്മാരകം നിർമ്മിച്ചത്.

✪✪✪

തിരുവനന്തപുരം മെഡിക്കൽ കോളജിൽ സംസ്ഥാനത്തെ ആദ്യ സ്കിൻബാങ്ക് പ്രവർത്തനം തുടങ്ങിയതായി മന്ത്രി വീണാ ജോർജ്ജ് അറിയിച്ചു. അപകടത്തിലും പൊള്ളലേറ്റും ചർമ്മം നഷ്ടപ്പെടുന്നവർക്ക് ജീവൻ നിലനിർത്തുന്ന സൗകര്യം സ്കിൻബാങ്കിലുണ്ടെന്ന് മന്ത്രി അറിയിച്ചു. ആറ് കോടി 75 ലക്ഷം രൂപ ചെലവഴിച്ചാണ് ബേൺസ് യൂണിറ്റിനൊപ്പം സ്കിൻബാങ്ക് സജ്ജമാക്കിയതെന്ന് മന്ത്രി ഫേസ്ബുക്കിൽ കുറിച്ചു. കോട്ടയം മെഡിക്കൽ കോളജിലും സ്കിൻബാങ്ക് സ്ഥാപിക്കുന്ന നടപടി പുരോഗമിക്കുകയാണെന്നും മന്ത്രി വ്യക്തമാക്കി.

✪✪✪

വയനാട് - മുണ്ടക്കൈ ചൂരൽ മല ദുരന്തബാധിതർക്ക് 100 ദിവസത്തിനുള്ളിൽ വീടുകൾ കൈമാറുമെന്ന് മന്ത്രി P രാജീവ് അറിയിച്ചു. ടൗൺഷിപ്പിന്റെ നിർമ്മാണം അതിവേഗത്തിൽ പുരോഗമിക്കുകയാണെന്നും അദ്ദേഹം ഫേസ്ബുക്കിൽ കുറിച്ചു.

✪✪✪

ക്രിസ്മസ് ആഘോഷങ്ങൾക്ക് കണ്ണൂർ ജില്ലയിൽ ഒരുക്കങ്ങൾ തകൃതിയിൽ പുരോഗമിക്കുന്നു. ഇന്ന് രാത്രി ദേവാലയങ്ങളിൽ പാതിരാ കുർബാന നടത്തും.

കണ്ണൂരിൽ നിന്ന് KO ശശിധരൻ.......

(വോയ്സ് )......

ദേവാലയങ്ങൾ മോടി കൂട്ടിയും മുറ്റത്തും തൊടിയിലും വർണ്ണക്കടലാസുകൾ പതിപ്പിച്ചും മനോഹരമാക്കിയിട്ടുണ്ട്

ഇന്ന് രാത്രി ആരംഭിക്കുന്ന പാതിരാ കുർബാനയോടെയാണ് ഉണ്ണി യേശുവിന്റെ തിരുപ്പിറവിയുടെ ഓർമ്മപുതുക്കുന്ന ആഘോഷ ങ്ങൾക്ക് തുടക്കമാകും. വൈകു ന്നേരത്തോടെ ദേവാലയങ്ങൾ കേന്ദ്രീകരിച്ച് വീടുകൾ തോറും കാരൾ നടക്കും. ദേവാലയങ്ങളിൽ പുൽക്കൂടുകളും ക്രിസ്മസ് ട്രീ കളും സജ്ജമാക്കിയിട്ടുണ്ട്.

ബർണശ്ശേരി ഹോളി ട്രിനിറ്റി കത്തീഡ്രലിൽ രാത്രി പത്തിന് കത്തീഡ്രൽ ഗ്രൗ ണ്ടിൽ കാരൾഗാനങ്ങൾ ആല പിക്കും.

പാതിരാകുർബാനയ്ക്ക് ബിഷ പ്പ് അലക്സ് വടക്കുംതല മുഖ്യകാർമികത്വം വഹിക്കും. തലശ്ശേരി സെന്റ് ജോസഫ് കത്തീഡ്രലിൽ നടക്കുന്ന ചടങ്ങുകൾക്ക് ആർച്ച് ബിഷപ്പ് മാർ ജോസഫ് പാമ്പ്ലാനി നേതൃത്വം നൽകും

✪✪✪

ലൈംഗികാതിക്രമക്കേസിൽ ചലച്ചിത്ര സംവിധായകനും മുൻ എംഎൽഎയുമായ PT കുഞ്ഞുമുഹമ്മദിന്റെ അറസ്റ്റ് രേഖപ്പെടുത്തി. തുടർന്ന് കോടതി നിർദ്ദേശ പ്രകാരം സ്റ്റേഷൻ ജാമ്യത്തിൽ വിട്ടയച്ചു.

ഇന്നലെ രാവിലെയാണ് PT കുഞ്ഞുമുഹമ്മദ് കന്റോൺമെന്റ് സ്റ്റേഷനിൽ ഹാജരായത്. കുഞ്ഞുമുഹമ്മദിന് കോടതി നേരത്തെ മുൻകൂർ ജാമ്യം നൽകിയിരുന്നു. ഏഴ് ദിവസത്തിനുള്ളിൽ അന്വേഷണ ഉദ്യോഗസ്ഥന് മുന്നിൽ ഹാജരാകണം എന്നാണ് കോടതി പറഞ്ഞിരുന്നത്. അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിനിടെ ചലച്ചിത്ര പ്രവർത്തകയ്ക്ക് നേരെ ലൈംഗികാതിക്രമം നടത്തിയെന്ന പരാതിയുടെ അടിസ്ഥാനത്തിലാണ് PT കുഞ്ഞുമുഹമ്മദിനെതിരെ പോലീസ് കേസെടുത്തത്.

✪✪✪

മണ്ഡല പൂജയ്ക്ക് അയ്യപ്പ വിഗ്രഹത്തിൽ ചാർത്തുന്ന തങ്കയങ്കിയുമായി രഥ ഘോഷയാത്ര രണ്ടാം ദിവസമായ ഇന്ന് രാവിലെ എട്ടോടെ സന്നിധാനത്തേയ്ക്ക് യാത്ര പുനരാരംഭിച്ചു. ഘോഷയാത്ര കരിമ്പനയ്ക്കൽ ദേവീക്ഷേത്രം ലക്ഷ്യമാക്കി നീങ്ങുകയാണ്.

.......പത്തനംതിട്ടയിൽ നിന്ന് ശ്രീജി S ശ്രീധർ.....

.......വോയ്സ്........

അയ്യപ്പസ്വാമിക്ക് മണ്ഡല പൂജയ്ക്ക് ചാർത്തുന്നതിനുള്ള തങ്കയങ്കിയും വഹിച്ചുകൊണ്ടുള്ള രഥ ഘോഷയാത്ര പത്തനതിട്ടയുടെ നഗരഗ്രാമ വീഥികൾ ശരണമന്ത്രങ്ങളാൽ ഭക്തി സാന്ദ്രമാക്കി രണ്ടാം ദിനമായ ഇന്നും പര്യടനം തുടരുകയാണ്. രാത്രി വിശ്രമത്തിനുശേഷം ഓമല്ലൂർ രക്തകണ്ഠസ്വാമി ക്ഷേത്രത്തിൽനിന്നും രാവിലെ എട്ടിനുശേഷം ആരംഭിച്ച പര്യടനം കൊടുന്തറ സുബ്രഹ്മണ്യ സ്വാമി ക്ഷേത്രം വഴി പത്തനംതിട്ട ടൗണിലെത്തി.

വലിയ ഭക്തജനത്തിരക്കാണ് തങ്കയങ്കി കണ്ടുതൊഴാൻ സ്വീകരണകേന്ദ്രങ്ങൾ തോറും കാണാൻ കഴിയുന്നത്. ഘോഷയാത്ര ഉച്ചയ്ക്ക് ശേഷം കടമനിട്ടവഴി മൈലപ്രയിലെത്തി അവിടെ നിന്ന് കുമ്പഴവഴി വിവിധ കേന്ദ്രങ്ങളിലെ സ്വീകരണ ഇടങ്ങൾ പിന്നിട്ട് കോന്നി മുരിങ്ങമംഗലം ക്ഷേത്രത്തിൽ ഇന്ന് രാത്രി വിശ്രമം നടത്തും. തുടർന്ന് റാന്നിവഴി ഘോഷയാത്ര മൂന്നു ദിവസങ്ങിലായി 76 സ്വീകരണഇടങ്ങൾ പിന്നിട്ട് 26ന് വൈകിട്ട് സന്നിധാനത്തെത്തും. അന്ന് വൈകിട്ട് 6.30ന് തങ്കയങ്കിചാർത്തി സന്നിധാനത്ത് മഹാദീപാരാധനയും 27 ന് രാവിലെ10.10 നും 11.30 നും ഇടയിൽ മണ്ഡല പൂജയും നടക്കും.

✪✪✪

കണ്ണൂർ പാനൂർ നഗരസഭയിൽ നൗഷത്ത് കൂടത്തിലിനെ ചെയർപേഴ്സണാക്കാൻ മുസ്ലീം ലീഗ് തീരുമാനിച്ചതിനെതിരെ പാർട്ടി പ്രവർത്തകർ പരസ്യ പ്രതിഷേധവുമായി രംഗത്ത് വന്നു.

ഉമൈസ തിരുവമ്പാടിയെ നഗരസഭാധ്യക്ഷ ആക്കണമെന്ന് ആവശ്യപ്പെട്ട് അവർ പാനൂർ ടൗണിൽ പ്രകടനം നടത്തി.

✪✪✪

വയനാടിന്റെ ടൂറിസം വികസനത്തിന് നൂതന പദ്ധതികൾ, വന്യജീവി ശല്യത്തിന് പരിഹാരം എന്നിവ നിർദ്ദേശിക്കാൻ ലോക്സഭാ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി യോഗം ഇന്ന് വയനാട്ടിൽ ചേരും. PAC അധ്യക്ഷൻ KC വേണുഗോപാലിന്റെ നേതൃത്വത്തിൽ തരിയോട് മഞ്ഞൂറയിലാണ് യോഗം. ചൂരൽമല - മുണ്ടക്കൈ ഉരുൾ പൊട്ടലിന് ശേഷം വയനാടിന്റെ ടൂറിസം രംഗത്തെ പിന്നാക്കാവസ്ഥ പരിഹരിക്കാനാവശ്യമായ കാര്യങ്ങൾ യോഗം ചർച്ച ചെയ്യും.

✪✪✪

സ്വർണ്ണവില വീണ്ടും വർദ്ധിച്ചു. പവന് 280 രൂപ കൂടി ഒരു ലക്ഷത്തി 1,880 രൂപയായി. ഗ്രാമിന് 12,735 രൂപയിലാണ് ഇന്ന് വ്യാപാരം നടക്കുന്നത്.

✪✪✪

അനശ്വരഗായകൻ മുഹമ്മദ് റാഫിയുടെ 101-ാം ജന്മവാർഷികം ഇന്ന് ആഘോഷിക്കുന്നു. ആയിരത്തിലധികം ഹിന്ദി ഗാനങ്ങളും, ഉറുദു, പഞ്ചാബി, കൊങ്കിണി, അസമീസ്, ബോജ്പുരി, ഒഡിയ, ബംഗാളി, മറാത്തി, കന്നഡ, തമിഴ്, തെലുങ്ക് തുടങ്ങിയ ഭാഷകളിലായി 7000ത്തിലധികം മധുര ഗാനങ്ങളും അദ്ദേഹത്തിന്റെതായിട്ടുണ്ട്. ബോളിവുഡിലെ പ്രമുഖ താരങ്ങൾ ഉൾപ്പെടെ സാമൂഹിക മാധ്യമങ്ങളിൽ റാഫിക്ക് ശ്രദ്ധാഞ്ജലി നേർന്നു. രാജ്യത്തിന്റെ പല ഭാഗങ്ങളിലും റഫിയുടെ സ്മരണയെ മുൻനിർത്തി പ്രത്യേക ഗാനസദസ്സുകൾ സംഘടിപ്പിച്ചിട്ടുണ്ട്.

✪✪✪

*News Editor : വി കെ സുരേഷ്*
*News Reader: സബിത കെ*
*NRTs : സയ്യിദ് അലി ശിഹാബ്, അനിൽ ചന്ദ്രൻ*
*DEO: സി കെ സുബോധ്*